കേരള സർക്കാർ

സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ഇളവ് വരുത്തുന്നത് - കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(പി) നം.142/2018/ധന. തിരുവനന്തപുരം, തീയതി : 10/09/2018.

================================================================

പരാമർശം: 1) സ.ഉ(പി) നം. 20/2013/ധന. തീയതി, 07.01.2013

2) സ.ഉ(പി) നം.209/2013/ധന. തീയതി 07.05.2013

3) സ.ഉ(പി) നം.279/2014/ധന. തീയതി 14.07.2014

4) സർക്കുലർ നമ്പർ 65/2015/ധന. തീയതി 04.07.2015

5) സ.ഉ(പി) നം.7/2018/ധന. തീയതി 12.01.2018

6) റിട്ട് ഹർജി നം.17226/2018-മേലുള്ള 22.06.2018-ലെ കോടതിവിധി

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പരാമർശം (2) ഉത്തരവ് പ്രകാരം 01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും. പരാമർശം (3) ഉത്തരവ് പ്രകാരം 01.04.2013-ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം (4) സർക്കുലറിലെ

നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം പുതിയ ജോലിയിൽ പ്രവേശിക്കേണ്ടത് എന്നു മാത്രമല്ല മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നിയമനാധികാരിയ്ക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുകയും വേണം. സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ജീവനക്കാർ സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനാകാത്ത സാഹചര്യം വന്നു ചേർന്നിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു.

2) ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ജീവനക്കാരുടെ മാത്രം പിഴവായി കണക്കാക്കാനാകില്ല എന്നും ഓഫീസ് മേധാവികളും നിയമനാധികാരികളും ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പാലിക്കുകയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ കൃത്യമായി ജീവനക്കാരെ അറിയിക്കുകയും ചെയ്തിരുന്നെങ്കിൽ അവർക്ക് സമയബന്ധിതമായിത്തന്നെ ഓപ്ഷൻ ഫോം സമർപ്പിക്കാനും അതുവഴി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുമുള്ള സാഹചര്യം ഉണ്ടാകുമായിരുന്നു എന്നും ഇതു സംബന്ധിച്ച നം. 17226/2018 റിട്ട് ഹർജിയിന്മേലുള്ള കോടതി വിധിയിൽ പരാമർശിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2), (3) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സമയബന്ധിതമായി ഓപ്ഷൻ ഫോം സമർപ്പിക്കാത്തതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാൻ സാധിക്കാതെ വന്ന ജീവനക്കാർക്ക് നിയമനാധികാരി മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിനായി സർക്കാർ ഒരവസരം കൂടി നല്കുന്നു. പ്രസ്തുത ജീവനക്കാർ നാളിതുവരെയും ഓപ്ഷൻ ഫോം സമർപ്പിക്കാത്തവരോ സമയപരിധിയായ 3 മാസത്തിനകം ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാതെ വന്നവരോ ആണെങ്കിൽ 2018 **നവംബർ 30 - നകം** നിയമനാധികാരിയ്ക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതും നിയമനാധികാരി ആയതു പരിശോധിച്ച് ജീവനക്കാരന് ബാധകമായിട്ടുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഉത്തരവിന്റെ പകർപ്പും ഓപ്ഷൻ ഫോമും സേവന പുസ്തകത്തിൽ പതിക്കേണ്ടതുമാണ്. 2018 നവംബർ 30- ന് മുൻപായി ഓപ്ഷൻ ഫോം സമർപ്പിക്കാത്ത ജീവനക്കാർക്ക് യാതൊരു കാരണവശാലും ഇനിയൊരു അവസരം നൽകുന്നതല്ല. മേൽ നടപടി ക്രമങ്ങൾ പാലിക്കാത്ത ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. 2018 നവംബർ 30 -ന് ശേഷം മറ്റൊരു തസ്തികയിൽ നിയമനം

ലഭിക്കുന്ന മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളതുമായ ജീവനക്കാർ പരാമർശം (2), (3) ഉത്തരവുകളിൽ ബാധകമായത് നിർബന്ധമായും പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നതായിരിക്കും. ഈ ഉത്തരവ് തീയതിയ്ക്ക് ശേഷമുള്ള ഓരോ നിയമന സമയത്തും ജോലിയിൽ പ്രവേശിക്കുന്നവർ പരാമർശം (2) അല്ലെങ്കിൽ (3) ഉത്തരവുകൾക്കും പരാമർശം (4) സർക്കുലറിനും വിധേയമായിട്ടാണോ സേവനത്തിൽ പ്രവേശിച്ചിരിക്കുന്നത് എന്നതും ടി ജീവനക്കാർ മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവരാണോ എന്ന കാര്യവും നിയമനാധികാരി വിശദമായി പരിശോധിക്കേണ്ടതും, നിയമനാധികാരികൾ ഇക്കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് വകുപ്പുമേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്. ഈ ഉത്തരവ് തീയതിയ്ക്ക് ശേഷവും ഓപ്ഷൻ ഫോം സമർപ്പിക്കാതിരിക്കുകയോ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുകയോ ചെയ്യുന്ന ജീവനക്കാർക്ക് ഇനിയൊരവസരം സർക്കാർ നല്കുന്നതല്ല. അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത നഷ്ടമാകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. രാജശ്രീ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് തലവന്മാർക്ക്/നിയമനാധികാരികൾക്ക്.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

Endt A1/47299(A)/2018
Copy communicated to all principals for favour of information & necessary action

23/11/18
Senior Administrative Officer
for Director of Collegiate Education

23.11.18